പെൻഷനായവരെ വീണ്ടും നിയമിച്ച നടപടി

105 (6556) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പെൻഷൻ ബോർഡ്, വെൽഫെയർ ഫണ്ട് ബോർഡ്, ഗ്യാരന്റി ഫണ്ട് ബോർഡ്, സഹകരണ എക്സാമിനേഷൻ ബോർഡ് എന്നീ സ്ഥാപനങ്ങളിൽ വിവിധ സ്ഥാപനങ്ങളിൽനിന്ന് പെൻഷൻപറ്റി പിരിഞ്ഞ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ സ്ഥാപനത്തിലും ഇത്തരത്തിൽ നിയമിക്കപ്പെട്ടവർ ഏതെല്ലാം തസ്തികകളിലാണ് സേവനം അനുഷ്ഠിക്കുന്നത് ;

(സി) ഇത്തരം നിയമനം ലഭിച്ചവർ ഏതുതസ്തികകളിൽനിന്നും പെൻഷൻപറ്റി പിരിഞ്ഞവരാണെന്നും ഇപ്പോൾ ഓരോരുത്തർക്കും നൽകുന്ന ശമ്പളം/അലവൻസ്/മറ്റാനുകൂല്യങ്ങൾ എത്രയാണെന്നും വ്യക്തമാക്കുമോ ;

(ഡി) നിശ്ചയിക്കപ്പെട്ട തസ്തികകളിൽ പെൻഷൻപറ്റി പിരിഞ്ഞവർക്കു നിയമനം നൽകാനിടയായ സാഹചര്യം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പെൻഷൻപറ്റി പിരിഞ്ഞ 5 പേർക്ക് വിവിധ കാലയളവുകളിലായി ഈ സ്ഥാപനങ്ങളിൽ നിയമനം നൽകിയിട്ടുണ്ട്. ഇതിൽ 3 പേർ ഇപ്പോൾ സേവനത്തിൽ തുടരുന്നില്ല.

(ബി&സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) പുതിയതായി ആരംഭിച്ച ഓഫീസ്/റീജിയണൽ ഓഫീസ് എന്നിവയുടെ മേൽനോട്ടത്തിന് പരിചയസമ്പന്നതയും കാര്യപ്രാപ്തിയുമുള്ള ഉദ്യോഗസ്ഥരുടെ അനിവാര്യത, ആഡിറ്റ് കുടിശ്ശികയുമായി ബന്ധപ്പെട്ട ജോലികൾ നിർവ്വഹിക്കുക തുടങ്ങി കുറഞ്ഞ കാലയളവിലേക്ക് വിവിധ ബോർഡുകളുടെ വിവിധ ആവശ്യങ്ങൾ, മിതമായ നിരക്കിൽ നിർവ്വഹിക്കപ്പെടേണ്ട സാഹചര്യം സംജാതമായതിനാലാണ് മേൽ പ്രകാരം പെൻഷൻപറ്റി പിരിഞ്ഞവർക്ക് നിയമനം നൽകുവാനിടയായത്.

വിവിധ സഹകരണ സ്ഥാപനങ്ങളിലുള്ള തസ്തികകൾ

106 (6557) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പെൻഷൻ ബോർഡ്, വെൽഫെയർ ഫണ്ട് ബോർഡ്, ഗ്യാരന്റി ഫണ്ട് ബോർഡ്, സഹകരണ എക്സാമിനേഷൻ ബോർഡ് എന്നീ സ്ഥാപനങ്ങളിൽ ഓരോന്നിലും ആകെ എത്ര തസ്തികകളാണ് നിലവിലുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ സ്ഥാപനത്തിലും സ്ഥിരപ്പെടുത്തിയ എത്ര ജീവനക്കാരാണ് നിലവിലുള്ളത് ;

(സി) ഓരോ സ്ഥാപനത്തിലും വിവിധ തസ്തികകളിൽ താൽക്കാലിക അടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും എത്രപേർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) കരാർ അടിസ്ഥാനത്തിലും താൽക്കാലികാടിസ്ഥാനത്തിലും സേവനം നോക്കുന്നവരെ സ്ഥിരപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഇ) ഓരോ സ്ഥാപനത്തിലും ഏതെല്ലാം തസ്തികയിലുള്ള എത്ര ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നിർദ്ദേശമാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു :

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	തസ്തികകളുടെ എണ്ണം
1.	കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡ്	28 (1 ഡെപ്യൂട്ടേഷൻ ഉൾപ്പെടെ)
2.	കേരള സഹകരണ ഡെവലപ്മെന്റ് ആന്റ് റിക്കവറി ഫണ്ട് ബോർഡ്	24
3.	കേരള സഹകരണ ഗ്യാരന്റി ഫണ്ട് ബോർഡ്	1
4.	സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡ്	8

(ബി) ഓരോ സ്ഥാപനത്തിനും സ്ഥിരപ്പെടുത്തിയ ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	നിലവിലുള്ള സ്ഥിരം ജീവനക്കാരുടെഎണ്ണം
1.	കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡ്	27

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
2.	കേരള സഹകരണ ഡെവലപ്മെന്റ് ആന്റ് വെൽഫെയർ ഫണ്ട് ബോർഡ്	20
3.	കേരള സഹകരണ ഗ്യാരന്റി ഫണ്ട് ബോർഡ്	സരിരപ്പെടുത്തിയ ജീവനക്കാരില്ല
4.	സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡ്	3

(സി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

	സ്ഥാപനത്തിന്റെ പേര്	താൽക്കാലിക അടിസ്ഥാനത്തിൽ	കരാർ അടിസ്ഥാനത്തിൽ
1.	കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡ്	3	1
2.	കേരള സഹകരണ ഡെവലപ്മെന്റ് ആന്റ് വെൽഫെയർ ഫണ്ട് ബോർഡ്	1	1
3.	കേരള സഹകരണ ഗ്യാരന്റി ഫണ്ട് ബോർഡ്	3	1
4.	സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡ്	5	ഇല്ല (കൂടാതെ കാഷ്വൽ ലേബറേഴ്സായി 10 പേർ ജോലി ചെയ്ത് വരുന്നു.)

(ഡി)

1.	കേരള സഹകരണ ഡെവലപ്മെന്റ് ആന്റ് വെൽഫെയർ ഫണ്ട് ബോർഡ്	/ വർഷമായി സീറ്റർ തസ്തികയിൽ ജോലി ചെയ്യുന്ന ആളെ സരിരപ്പെടുത്തുന്നതിന് ബോർഡ് തീരുമാനമെടുത്ത് നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2.	സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡ്	നിശ്ചിത വർഷത്തെ സേവനവും വിദ്യാഭ്യാസ യോഗ്യതയുള്ളതുമായ താൽക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കുന്നവരെ സ്ഥിരപ്പെടുത്തുന്നതിന് അപേക്ഷയും ബോർഡ് തീരുമാനവും വഴിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ഇ) കേരള സഹകരണ ഡെവലപ്മെന്റ് ബോർഡിലെ ഒരു സ്റ്റെനോയും സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡിലെ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന 4 പേരെയും സ്ഥിരപ്പെടുത്തുന്നതിനുള്ള അപേക്ഷ പരിശോധനയിലാണ്.

സഹകരണ സ്ഥാപനങ്ങളിലെ നിയമനരീതി

107 (6558) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണവകുപ്പിന്റെ നിയന്ത്രണത്തിലുള്ള പെൻഷൻ ബോർഡ്, വെൽഫെയർ ഫണ്ട് ബോർഡ്, ഗ്യാരന്റി ഫണ്ട് ബോർഡ്, സഹകരണ എക്സാമിനേഷൻ ബോർഡ് എന്നീ സ്ഥാപനങ്ങളിലെ നിയമനരീതി എങ്ങനെ ആണെന്ന് വിശദമാക്കുമോ ;

(ബി) ഓരോ സ്ഥാപനത്തിലെയും ഓരോ തസ്തികയിലേക്കുള്ള നിയമനത്തിനുള്ള മാനദണ്ഡങ്ങളും യോഗ്യതകളും വിശദീകരിക്കുമോ ;

(സി) ഇതിൽ ഏതെല്ലാം ബോർഡുകളിലെ ഏതെല്ലാം തസ്തികകളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുതസ്ഥാപനങ്ങളിലെ വിവിധ തസ്തികകളിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുതസ്ഥാപനങ്ങളിലെ വിവിധ തസ്തികകളിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുവാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) പ്രസ്തുത സ്ഥാപനങ്ങളിലെ വിവിധ തസ്തികകളിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതുസംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സഹകരണവകുപ്പിന്റെ നിയന്ത്രണത്തിലുള്ള വിവിധ ബോർഡുകളിലെ നിയമനരീതി ചുവടെ പ്രതിപാദിക്കും വിധമാണ് :

LIBRARY ARCHIVES Kerala Legislative Assembly